# ബംഗാളിനോവലുകളുടെ മലയാളവിവർത്തനങ്ങൾ

അധ്യായം

2

# ബംഗാളിനോവലുകളുടെ മലയാളവിവർത്തനങ്ങൾ

ബംഗാളിനോവലുകളുടെ മലയാളത്തിലേക്കുള്ള വിവർത്തനചരിത്രം ആരംഭിക്കുന്നത് 1858-ൽ റവ. ജോസഫ് പീറ്റ് വിവർത്തനം ചെയ്ത കാതറൈൻ ഹന്നാ മുല്ലൻസിന്റെ 'ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ'യോടുകൂടിയാണ്. 1909-ൽ ബങ്കിംചന്ദ്ര ചതോപാധ്യായയുടെ ആനന്ദമഠത്തിനും ചന്ദ്രശേഖരനും മലയാളവിവർത്തനങ്ങളുണ്ടായി. യഥാക്രമം പാറക്കൽ വിശ്വനാഥമേനോനും തേലപ്പുറത്ത് നാരായണൻ തമ്പിയുമായിരുന്നു വിവർത്തകർ.[65] ഫുൽമോനി മുതൽ 2001-ൽ പ്രസിദ്ധീകരിച്ച സെലീന ഹൊസൈനിന്റെ 'സ്രാവ്, നദി, ഗ്രനേഡ് 'വരെ ബംഗാളി നോവലുകൾക്ക് ഇരുന്നൂറ്റി എഴുപത്താറു മലയാളവിവർത്തനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നൂറ്റിരണ്ടു വിവർത്തകർ ഈ മേഖലയിൽ പ്രവർത്തിച്ചിട്ടുണ്ട്.

സംസ്കൃതം മാറ്റിനിർത്തിയാൽ മലയാളത്തിലേക്കു വിവർത്തനങ്ങളുടെ എണ്ണംകൊണ്ടു മുന്നിൽ നിൽക്കുന്ന ഭാഷ ബംഗാളിയാണ്. നോവൽ വിവർത്തനങ്ങളുടെ കാര്യത്തിലും ബംഗാളി തന്നെയാണു മുന്നിൽ നിൽക്കുന്നത്. 1980-വരെ പ്രസിദ്ധീകൃതമായ സാഹിത്യവിവർത്തനങ്ങളുടെ കണക്കുപ്രകാരം(അവലംബം മലയാളഗ്ര

65. മലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുള്ള ബംഗാളി നോവലുകളുടെ പട്ടിക അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.

ന്ഥസൂചി 1-4 വാല്യങ്ങൾ) സംസ്കൃതത്തിൽനിന്ന് 554-ഉം ബംഗാളിയിൽനിന്ന് 308-ഉം കൃതികളാണു വന്നിട്ടുള്ളത്. മൂന്നാം സ്ഥാനം ഹിന്ദിക്കും നാലാം സ്ഥാനം തമിഴിനുമാണ്.[66]

ഉന്നതനിലവാരമുള്ള നോവലുകൾ മാത്രമല്ല ബംഗാളിയിൽ നിന്നു മലയാളം പരിഭാഷപ്പെടുത്തിയിട്ടുള്ളത്. ശരാശരി നിലവാരമോ അതിൽ താഴെയോ ഉള്ള നോവലുകളും മലയാളത്തിൽ എത്തിയിട്ടുണ്ട്. ബംഗാളിനോവൽവിവർത്തനം മലയാള ആനുകാലികങ്ങളിൽ പരമ്പരയായി പ്രസിദ്ധീകരിക്കുന്ന പതിവുണ്ട്. 1960-ഉകളിൽ ജന യുഗം വാരികയാണ് ഈ രീതി തുടങ്ങിവച്ചത്. പിന്നീടു പലരും ഈ രീതി പിന്തുടർന്നു. ആനുകാലികങ്ങളുടെ പ്രചാരം കൂട്ടാൻ ബംഗാളിയിലെ ജനപ്രിയനോവലുകളുടെ വിവർത്തനം ഏറെ സഹായിച്ചിട്ടുണ്ട്. ബിമൽമിത്രയുടെ ബൃഹത്നോവലുകൾ സ ത്യാർത്ഥി വിവർ ത്തനം ചെയ്തതു ജനയുഗം വാരികയിൽ വർഷങ്ങളോളം പ്രസിദ്ധീ കരിച്ചിരുന്നു. ആശാപൂർണാദേവിയുടെ നോവൽത്രയം- പ്രഥമപ്രതിശ്രുതി, സുവർണ ലത, ബകുളിന്റെ കഥ- മാതൃഭൂമി ആഴ്ചപ്പതിപ്പിലും പരമ്പരയായിരുന്നു. പി. മാധവൻപിള്ള ഈ നോവലുകൾ ഹിന്ദിയിൽനിന്നാണു വിവർത്തനം ചെയ്തത്.

ഹിന്ദി, ഇംഗ്ലീഷ്, ബംഗാളി ഭാഷകളിൽനിന്നു ബംഗാളിനോവലു കൾ മലയാളത്തിലെത്തിയിട്ടുണ്ട്. എം. എൻ. സത്യാർത്ഥി, രവിവർമ, വി. ഉണ്ണികൃഷ്ണൻ നായർ, ലീലാ സർക്കാർ, നിലീനാ അബ്രഹാം, എം. പി. കുമാരൻ തുടങ്ങി ചിലരേ ബംഗാളിയിൽനിന്നു നേരിട്ടു വിവർത്തനം ചെയ്തിട്ടുള്ളൂ. സ്വകാര്യപ്രസാധകരാണു കൂടു തൽ നോവലുകൾ പ്രസിദ്ധീകരിച്ചത്. കമ്പോളം എന്ന ഘടകം നോവൽവിവർത്തനത്തെ ഗണ്യമായി സ്വാധീനിക്കുന്നുണ്ട്. കേന്ദ്രസാഹിത്യ അക്കാഡമി, നാഷണൽ ബുക്ട്രസ്റ്റ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിലൂടെയാണു സാഹിത്യമൂല്യമുള്ള പല കൃതികളു ടെയും പ്രസിദ്ധീകരണം. താരാശങ്കർ ബാനർജിയുടെ ആരോഗ്യനികേതനം, മാണിക് ബാനർജിയുടെ പാവകളിയുടെ കഥ, രവീന്ദ്രനാഥ ടാഗോറിന്റെ ഗോറാ, യോഗായോഗ്,

---

66. മലയാളത്തിലെ പരിഭാഷകളുടെ കണക്ക് അപഗ്രഥിക്കുന്നു എം. എൻ. കാരശ്ശേരി 'മലയാ ളിയും പരിഭാഷയും' എന്ന ലേഖനത്തിൽ. (ചാത്തനാത്ത് അച്യുതനുണ്ണി 2000:178-84) ദേശീ യത, പുനരുദ്ധാരണം, നവോത്ഥാനം, കമ്യൂണിസം എന്ന ക്രമം ബംഗാളിലും കേരളത്തിലും സമാനമാണെന്നും ബംഗാളിയിൽ നിന്നും കൂടുതൽ വിവർത്തനങ്ങൾക്ക് ഇതു കാരണമാ യെന്നും കാരശ്ശേരി.

വിഭൂതിഭൂഷൺ വന്ദ്യോപാധ്യായയുടെ അപരാജിതൻ, ആരണ്യക്, ആദർശ ഹിന്ദുഹോട്ടൽ, ശീർഷേന്ദു മുഖോപാധ്യായയുടെ ചിതൽ, സതിനാഥ് ഭാദുരിയുടെ ഉറങ്ങാത്ത രാത്രി, സന്തോഷ് കുമാർ ഘോഷിന്റെ കിനു ഗോയാല തെരുവ്, സുനിൽ ഗംഗോപാധ്യായയുടെ ആത്മപ്രകാശം എന്നിവ സർക്കാർ സ്ഥാപനങ്ങളിലൂടെ പുറത്തു വന്നവയാണ്. ബിമൽമിത്ര, ആശാപൂർണാദേവി, ബങ്കിം ചന്ദ്രൻ, ശരച്ചന്ദ്രൻ തുടങ്ങിയ ജനപ്രിയ എഴുത്തുകാരുടെ കൃതികൾ സ്വകാര്യരംഗത്താണു പ്രസാധനം ചെയ്യപ്പെട്ടത്.

മലയാളത്തിൽ എറ്റവും കൂടുതൽ ബംഗാളിനോവലുകൾ വിവർത്തനം ചെയ്തതു രവിവർമയാണ്. അദ്ദേഹം ഇരുപത്താറു നോവലുകൾ പരിഭാഷപ്പെടുത്തി. ലീലാ സർക്കാർ ഇരുപത്തിമൂന്നും എം. എൻ. സത്യാർത്ഥി ഇരുപതും നോവലുകൾ പരിഭാഷപ്പെടുത്തി. ഇവർ മൂന്നുപേരും ബംഗാളിയിൽനിന്നു നേരിട്ടു പരിഭാഷ നടത്തിയവരാണ്.

ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥയാണ് ബംഗാളിയിൽ നിന്ന് ആദ്യം പരിഭാഷപ്പെടുത്തിയ കൃതി എന്നു സൂചിപ്പിച്ചുവല്ലോ. കാതറൈൻ ഹന്നാ മുല്ലൻസ് എന്ന വിദേശവനിത 1852-ൽ ആണ് ഈ കൃതി എഴുതിയത്. റവ. ജോസഫ് പീറ്റ് എന്ന യൂറോപ്യൻ മിഷണറി നിർവഹിച്ച മലയാളപരിഭാഷ 1858-ൽ കോട്ടയം ചർച്ച് മിഷണറി പ്രസ്സിൽ നിന്നു പ്രസിദ്ധീകരിച്ചു.[67] 'ഇന്ദ്യായിലെ സ്ത്രീജനങ്ങൾക്കു പ്രയോജനത്തിനായി ഒരു മദാമ്മ അവർകൾ എഴുതിയ ഇമ്പമായ ചരിത്രങ്ങൾ' എന്നാണു പുസ്തകത്തിന്റെ പുറം ചട്ടയിലുള്ളത്. 1884-ൽ മറ്റൊരു തർജമ ബാസൽമിഷൻകാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തെലുങ്ക്, കന്നട, മറാത്തി, അസമിയ ഭാഷകളിൽ ഈ കൃതി തർജമ ചെയ്യപ്പെട്ടിരുന്നു.

---

67. നൂറ്റിമുപ്പതു വർഷത്തിനു ശേഷം ഈ കൃതി പുനർ മുദ്രണം ചെയ്തത് കോട്ടയം ഡി. സി.ബുക്സാണ്. 1986-ൽ പശ്ചിമ ജർമ്മനിയിലെ ടൂബിങ്ങൻ സർവകലാശാലാ ലൈബ്രറിയിൽ നിന്നു ഡോ. സ്കറിയാ സക്കറിയ കണ്ടെടുത്ത കൃതിയുടെ പകർപ്പാണ് ആമുഖ അനുബന്ധപഠനങ്ങൾ ചേർത്തു 1989-ൽ പ്രസിദ്ധീകരിച്ചത്. ഫുൽമോനി ഭാരതീയഭാഷകളിൽ ആദ്യമായി തർജമ ചെയ്യപ്പെട്ടതു മലയാളത്തിലാണ്. 1853-ൽ കൽക്കത്തയിൽനിന്നു പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് വിവർത്തനമാണു മലയാളപരിഭാഷയ്ക്കടിസ്ഥാനം.

നോവലിനു മുന്നോടിയായി ഉണ്ടായ സൻമാർഗകഥയുടെ കൂട്ടത്തിലാണു പ്രഫ. എസ്. ഗുപ്തൻ നായർ ഈ കൃതിയെ ഉൾപ്പെടുത്തുന്നത്.[68] ഫുൽമോനികോരുണ എന്നീ രണ്ടു സ്ത്രീകളുടെ ജീവിതമാണു പ്രമേയം. രണ്ടു പേരും ദാരിദ്ര്യത്തിലാണെങ്കിലും ഫുൽമോനി മാതൃകാജീവിതം നയിക്കുന്നു. കോരുണയാകട്ടെ മദ്യപനായ ഭർത്താവിന്റെ മർദ്ദനമേറ്റു നരകിക്കുന്നു. ബംഗാളി ഗ്രാമജീവിതത്തിന്റെ ദുഷിപ്പുകളെല്ലാം കൃതിയിൽ അനാവൃതമാകുന്നു. കോരുണ ഫുൽമോനിയെ മാതൃകയാക്കി നല്ല സ്ത്രീയാകുന്നു. 'ഇന്ദ്യായിലെ സ്ത്രീജനങ്ങളെ നന്നാക്കുന്നതിനായി ഒരു മദാമ്മ' ശ്രമിച്ചിരിക്കുകയാണ് ഈ കൃതിയിൽ. തുറന്ന പ്രബോധനങ്ങൾ കൃതിയിലെമ്പാടുമുണ്ട്. അവസാനഭാഗത്ത് ഇങ്ങനെ കാണാം. 'ഇതിനെ വായിക്കുന്ന നാട്ടു ക്രിസ്ത്യാനികളെ നിങ്ങളുടെ അവസ്ഥയും ഠരം ചരിത്രത്തിൽ പറഞ്ഞിരിക്കുന്ന ആളുകളുടെ അവസ്ഥയോട ശരിയാകുന്നു. അവരെപോലെ നിങ്ങളിൽ മിക്കവരും മുമ്പെ അജ്ഞാനികളും ഇപ്പോൾ ക്രിസ്ത്യാനി മാർഗക്കാരും ആകുന്നു...............ഏകരക്ഷിതാവാകുന്ന യേശുവിന്റെ അടുക്കൽ ഓടിചെല്ലുവിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക ആശ്വാസം കണ്ടെത്തും. ഇതൊക്കെയും നിങ്ങൾ ചെയ്താൽ ഠരം ചെറിയ പുസ്തകം വൃഥാവായി പോകയില്ല. എന്തെന്നാൽ സ്വർഗത്തിലുള്ള ദൈവദൂതൻമാർ അനുതാപപ്പെടുന്ന ആത്മാക്കളെ കുറിച്ച സന്തോഷിക്കയും ഠരം പുസ്തകത്തെ എഴുതിയ ആളിന്റെ താല്പര്യമുള്ള അപേക്ഷകൾ അത്യുന്നതനായ ദൈവത്തിന്റെ സിംഹാസനത്തിനു മുൻപാകെ കേൾക്കപ്പെടുകയും ഉത്തരം അരുളപ്പെടുകയും ചെയ്യും' (കാതറൈൻ ഹന്നാ മുല്ലൻസ് 1989:153-4).

സാഹിത്യമേന്മ വലുതായൊന്നും അവകാശപ്പെടാനില്ലെങ്കിലും ആദ്യകാല മലയാളഗദ്യത്തിന്റെ പഠനത്തിനു ഫുൽമോനി ഉപകരിക്കും.

ബങ്കിംചന്ദ്ര ചാറ്റർജിയുടെ നോവലുകൾക്ക് മുപ്പത്തഞ്ചു മലയാ

---

68. ഫുൽമോനി 1989-ൽ പുനഃപ്രസിദ്ധീകരിച്ചപ്പോൾ മലയാളത്തിലെ ആദ്യനോവൽ ഏതാണെന്നു തർക്കമുണ്ടായി. പ്രഫ. എസ്. ഗുപ്തൻ നായർ തർക്കാതീതമാം വണ്ണം ലളിതമാണ് ഈ പ്രശ്നമെന്നു പറഞ്ഞു നോവൽ ചരിത്രത്തെ ഇപ്രകാരം ക്രമപ്പെടുത്തിയിരിക്കുന്നു.

മലയാളത്തിൽ ആദ്യമുണ്ടായ സന്മാർഗകഥ- ഫുൽമോനി 1858
ആദ്യത്തെ കേരളീയ സൻമാർഗകഥ- ഘാതകവധം 1877
ആദ്യ റൊമാൻസ്- കുന്ദലത 1887
ആദ്യനോവൽ - ഇന്ദുലേഖ 1889 (ഗുപ്തൻ നായർ. എസ്. 1989:8)

ഉവിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. ബങ്കിമിന്റെ പതിന്നാലു നോവലുകളിൽ പലതിനും ഒന്നിലേറെ വിവർത്തനങ്ങൾ ഉണ്ട്. ആർ. നാരായണപ്പണിക്കരും വി. ഉണ്ണികൃഷ്ണൻ നായരും മാത്രമാണു ബംഗാളിയിൽനിന്നു നേരിട്ടു പരിഭാഷ നിർവഹിച്ചത്. ബംഗാളിയിൽനിന്നു ഫുൽമോനിക്കു ശേഷമുണ്ടായ നോവൽവിവർത്തനം ബങ്കിമിന്റെ കൃതികളായിരുന്നു. 1909-ൽ ആനന്ദമഠവും ചന്ദ്രശേഖരനും മലയാളത്തിൽ പ്രസിദ്ധീകരിച്ചു.[5] പാറക്കൽ വിശ്വനാഥമേനോൻ വിവർത്തനം ചെയ്ത് പാലക്കാട്ടുനിന്നു പ്രസിദ്ധീകരിച്ചതാണ് ആനന്ദമഠം. കോഴിക്കോട് വിദ്യാവിലാസത്തിൽനിന്നു പ്രസിദ്ധീകരിച്ച ചന്ദ്രശേഖരൻ തേലപ്പുറത്തു നാരായണൻ തമ്പിയാണു വിവർത്തനം ചെയ്തത്.

സി. എസ്. സുബ്രഹ്മണ്യൻ പോറ്റി ദുർഗേശനന്ദിനി വിവർത്തനം ചെയ്ത് ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ചതിനെത്തുടർന്ന് ബങ്കിമിന്റെ നോവലുകൾക്കു ധാരാളം വിവർത്തനങ്ങളുണ്ടായി. 1907-മുതൽ 1909 വരെയുള്ള എതാനും ലക്കങ്ങളിലായിട്ടാണു ഭാഷാപോഷിണിയിൽ ദുർഗേശനന്ദിനിയുടെ പരിഭാഷ പ്രസിദ്ധീകരിച്ചത്. പുസ്തകരൂപത്തിൽ ഉള്ളൂരിന്റെ ആമുഖക്കുറിപ്പോടുകൂടി പുറത്തുവന്നത് 1911-ലും. 1995-ൽ ആനന്ദമഠം പി. കെ. സുകുമാരൻ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചതാണ് ഏറ്റവും പുതിയതായി മലയാളത്തിൽവന്ന ബങ്കിമിന്റെ കൃതി.[6]

ദുർഗേശനന്ദിനി മലയാളത്തിൽ പ്രസിദ്ധീകരിക്കുമ്പോൾ ഇന്ദുലേഖ, ശാരദ, അക്ബർ, മാർത്താണ്ഡവർമ്മ എന്നിവമാത്രമേ പ്രമുഖമലയാള നോവലുകളായി ഉണ്ടായിരുന്നുള്ളൂ. അക്കാലത്തുതന്നെ ദുർഗേശനന്ദിനിയും മാർത്താണ്ഡവർമ്മയും താരതമ്യം ചെയ്തുകൊണ്ടുള്ള ലേഖനം പ്രസിദ്ധീകരിച്ചിരുന്നു.[7] ആകസ്മിക സംഭവങ്ങളുടെ പരമ്പര തന്നെയുള്ള ദുർഗേശനന്ദിനി ഇന്നത്തെ അനുവാചകർ നല്ല നോവലെന്നു വിളിക്കാൻ മടിക്കും. എങ്കിലും നല്ല ഗദ്യാഖ്യാനങ്ങൾ വിരളമായിരുന്ന അക്കാലത്തു ദുർഗേശനന്ദിനി ജനപ്രീതി നേടി.

---

5. ഈ ആനന്ദമഠം ഇന്നു കേരളത്തിൽ ലഭ്യമല്ല. അടിക്കുറിപ്പ് 79 (പുറം 145) കാണുക.
6 വിശദപഠനം മൂന്നാം അധ്യായത്തിൽ ചേർത്തിരിക്കുന്നു.
7. മാർത്താണ്ഡവർമ്മയിലെയും ദുർഗേശനന്ദിനിയിലെയും കഥാപാത്രങ്ങളെ താരതമ്യം ചെയ്യുന്ന 'ദുർഗേശനന്ദിനിയും മാർത്താണ്ഡവർമ്മയും' എന്നൊരു ലേഖനം ഏ. കെ. എന്നൊരാൾ എഴുതിയത് 1097 ഇടവത്തിലെ 'സദ്ഗുരു' മാസികയിൽ കണ്ടിട്ടുണ്ടെന്ന് എസ്. ഗുപ്തൻ നായർ.

ആനന്ദമഠം, കപാലകുണ്ഡല, ഇന്ദിര, കൃഷ്ണകാന്തന്റെ മരണപത്രം, മൃണാളിനി, രജനി, രാധാറാണി എന്നിവയ്ക്ക് ഒന്നിലേറെ വിവർത്തനങ്ങളുണ്ടായി.

ശരച്ചന്ദ്ര ചാറ്റർജിയുടെ നോവലുകളാണു മലയാളവിവർത്തനങ്ങളിൽ എണ്ണംകൊണ്ടു മുന്നിൽ നിൽക്കുന്നത്- നാല്പത്തൊമ്പതെണ്ണം. ഇവയിൽ ഭൂരിപക്ഷവും 1960-നു മുൻപുതന്നെ പ്രസിദ്ധീകരിച്ചിരുന്നു. ആർ. നാരായണപ്പണിക്കർ, കാരൂർ നാരായണൻ, വത്സലാ രാമചന്ദ്രൻ, ടി. സി. ഭാസ്കരൻ മൂസത്, എൻ. വി. കൃഷ്ണവാര്യർ തുടങ്ങി ഇരുപത്തിമൂന്നു വിവർത്തകർ ഈ മേഖലയിൽ പ്രവർത്തിച്ചിട്ടുണ്ട്. ബംഗാളിൽ എല്ലാക്കാലത്തും ഏറെ ജനപ്രീതിയുള്ള നോവൽകാരൻ എന്ന ഖ്യാതി ശരച്ചന്ദ്രനവകാശപ്പെട്ടതാണ്. ടാഗോർ പോലും അതിനുശേഷമേ വരുന്നുള്ളൂ. തൂലികകൊണ്ടു മാത്രം ജീവിക്കാൻ സാധിച്ച ആദ്യത്തെ വംഗസാഹിത്യകാരനായും അദ്ദേഹം അറിയപ്പെടുന്നു. ശരച്ചന്ദ്രന്റെ ധാരാളം നോവലുകൾ ഭാരതീയഭാഷകളിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ നോവലുകൾക്ക് മലയാളത്തിൽ ഇപ്പോഴും പുതിയ പതിപ്പുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് മലയാളത്തിൽ ശരച്ചന്ദ്രൻ നേടിയ വ്യാപകമായ ജനപ്രീതിക്കു തെളിവാണ്. എങ്കിലും അദ്ദേഹത്തിന്റെ വിഖ്യാതനോവലായ ശ്രീകാന്തൻ മലയാളത്തിൽ ഇനിയും പൂർണ്ണമായി വിവർത്തനം ചെയ്യപ്പെട്ടിട്ടില്ല.

മധ്യവർഗ ഹിന്ദുസ്ത്രീകളുടെ, പ്രത്യേകിച്ചും വിധവകളുടെ ജീവിതമാണു മിക്ക നോവലുകളുടെയും ഭൂമിക. സമുദായത്തിൽ താണവരുടെയും ഭ്രഷ്ടരുടെയും കഥകൾ ശരച്ചന്ദ്രനു മുൻപ് ബംഗാളിയിൽ ആരും പ്രമേയമാക്കിയിരുന്നില്ല.

ആഖ്യായികാകാരൻ എന്ന നിലയ്ക്കല്ല രവീന്ദ്രനാഥ ടാഗോറിന്റെ കീർത്തിയെങ്കിലും 1924 മുതൽ അദ്ദേഹത്തിന്റെ നോവലുകൾക്കു മലയാളവിവർത്തനങ്ങളുണ്ടായി. ടാഗോറിന്റെ നോവലുകൾക്കു പതിന്നാലു മലയാളവിവർത്തനങ്ങളുണ്ട്.

'ടാഗോറിന്റെ ഏറ്റവും മികച്ച ആഖ്യായിക' എന്നും 'അർവ്വാചീനഭാരതത്തിലെ മഹാഭാരതം' എന്നും സുകുമാർ സെൻ(1966:331) വിശേഷിപ്പിക്കുന്ന ഗോരയ്ക്കു മലയാളത്തിൽ രണ്ടു വിവർത്തനങ്ങളുണ്ട്. വി. ആർ. പരമേശ്വരൻ പിള്ളയുടെ

തർജമ 1962-ലും ഡോ. ആർ ലീലാദേവിയുടെ തർജമ 1991-ലും പുറത്തുവന്നു. മതവും രാഷ്ട്രീയവും ഭാരതീയതയുമൊക്കെ ദീർഘമായി ഈ കൃതിയിൽ ചർച്ച ചെയ്യപ്പെടുന്നു. ചതുരധ്യായി, തകർച്ച, മുഗ്ദ്ധരാഗം, യോഗായോഗ്, രണ്ടു സഹോദരികൾ, രാജർഷി, വനബാല, വിധിവിലാസം, വിനോദിനി, വീട്ടിലും പുറത്തും, സ്നേഹത്തിന്റെ ശിക്ഷ എന്നിവയാണു മലയാളത്തിലുള്ള ടാഗോറിന്റെ മറ്റു നോവലുകൾ. യാദൃച്ഛികസംഭവങ്ങൾ നിറഞ്ഞുനിൽക്കുന്നവയാണ് ഇവയിൽ പലതും.

ബംഗാളിലേക്കു ജ്ഞാനപീഠപുരസ്കാരം ആദ്യമായി കൊണ്ടുവന്ന താരാശങ്കർ ബാനർജിയുടെ ആരോഗ്യനികേതനവും ഏഴുചുവടും 1961-ൽത്തന്നെ മലയാളത്തിലെത്തിയിരുന്നു. ആരോഗ്യനികേതനം നിലീനാ അബ്രഹാമും ഏഴുചുവട് നിലീനാ അബ്രഹാം ഡി. പ്രതാപചന്ദ്രൻ ഇവർ ചേർന്നും പരിഭാഷപ്പെടുത്തി. താരാശങ്കറിന്റെ അൻപത്തിയെട്ടു നോവലുകളിൽ പത്തെണ്ണത്തിനു മാത്രമേ മലയാളത്തിൽ വിവർത്തനമുള്ളൂ. 1966-ൽ ജ്ഞാനപീഠം നേടിയ ഗണദേവത 1980-ൽ രവിവർമ വിവർത്തനം ചെയ്തു. ആരോഗ്യനികേതനമാണു മലയാള ഭാവുകത്വത്തെ ആഴത്തിൽ സ്വാധീനിച്ച കൃതി. ധാത്രീദേവതയ്ക്കു രവിവർമ തയ്യാറാക്കിയ വിവർത്തനം 2000-ൽ പ്രസിദ്ധപ്പെടുത്തി. അല്ല എന്ന കൃതിയും രവിവർമ തന്നെയാണു വിവർത്തനം ചെയ്തത്. കവി, കാളരാത്രി, ജഡ്ജി, പനിനീർപൂവ്, പരാതി എന്നിവയാണു മറ്റു വിവർത്തനങ്ങൾ.

ബീർഭൂം ജില്ലയിലെ ഗ്രാമങ്ങളുടെ കഥയാണു താരാശങ്കറിന്റെ പ്രധാന നോവലുകളുടേത്. അതുകൊണ്ടുതന്നെ അദ്ദേഹം മേഖലാനോവലിസ്റ്റ് ആയി കണക്കാക്കപ്പെടുന്നു. ബംഗാളിലെ പുരോഗമനപ്രസ്ഥാനത്തിന്റെ വക്താവായും അദ്ദേഹം അറിയപ്പെടുന്നു.

ബംഗാളിലെ നവോത്ഥാനത്തെ അതിവിശദമായി ചിത്രീകരിക്കുന്ന ബൃഹത്കൃതിയാണു ജ്ഞാനപീഠപുരസ്കാരം നേടിയ ഗണദേവത. ശിവകാളീപുരം, കുസുമപുരം, കങ്കന, ദേഖൂസിയ, മഹാഗ്രാമം എന്നിങ്ങനെ അഞ്ചു ഗ്രാമങ്ങളുടെ കഥയാണു പ്രമേയം. ഗ്രാമങ്ങളിൽ പ്രാചീനകാലം മുതൽ നിലനിന്നിരുന്ന ജീവിതവ്യവസ്ഥ

ആധുനികകാലഘട്ടത്തിൽ അമ്പേ മാറിപ്പോകുന്നതു ഗണദേവതയിൽ കാണാം. നഗരങ്ങളിലെ വ്യവസായവളർച്ച ഗ്രാമങ്ങളെ അതിവേഗം ദരിദ്രമാക്കുന്നതിന്റെ ചിത്രം കൂടിയാണ് ഈ നോവൽ. താരാശങ്കറിന്റെ പല പ്രമുഖ നോവലുകൾക്കും മലയാളവിവർത്തനങ്ങളുണ്ടായിട്ടില്ല.

മാണിക് ബാനർജി കൃഷിക്കാരെയും മുക്കുവരെയും വ്യവസായത്തൊഴിലാളികളെയും കുറിച്ച് അവരുടെ ഭാഷയിൽത്തന്നെ എഴുതിയ വ്യക്തിയാണ്. വ്യക്തികളുടെ മാനസികാപഗ്രഥനത്തിലൂടെ സമൂഹമനസ്സിനെ ചിത്രീകരിക്കാൻ മാണിക് ശ്രമിച്ചു. ബംഗാളിലെ ഏറ്റവും പ്രമുഖനായ നോവലിസ്റ്റ് മാണിക് ആണെന്നഭിപ്രായമുള്ളവരുണ്ട്. മാണിക്കിന്റെ രണ്ടു നോവലുകൾ മാത്രമാണു മലയാളത്തിലുള്ളത്. മുക്കുവരുടെ പ്രാദേശികഭാഷയിൽ എഴുതിയിട്ടുള്ള 'പത്മാനദീർ മാഝി ' എന്ന നോവൽ പത്മാനദിയിലെ മുക്കുവൻ എന്ന പേരിൽ 1957-ൽ വിവർത്തനം ചെയ്തതു രവിവർമയാണ്. പാവകളിയുടെ കഥ എന്ന വിഖ്യാതനോവൽ നിലീനാ അബ്രഹാമാണു വിവർത്തനം ചെയ്തത്. കേന്ദ്രസാഹിത്യ അക്കാഡമി 1989-ൽ ഈ കൃതി പ്രസിദ്ധീകരിച്ചു. 1991-ൽ ഈ നോവലിനു വി. ബാലകൃഷ്ണൻ തയ്യാറാക്കിയ മറ്റൊരു മലയാളവിവർത്തനം കൂടിയുണ്ടായി.

പഥേർ പാഞ്ചാലിയിലൂടെ അനശ്വരനായ വിഭൂതിഭൂഷൺ വന്ദ്യോപാധ്യായയുടെ നോവലുകൾക്കു മലയാളത്തിൽ ഏഴു വിവർത്തനങ്ങളുണ്ട്. പഥേർ പാഞ്ചാലി സത്യജിത് റേ സിനിമയാക്കുന്നതിനു മുൻപുതന്നെ രവിവർമ(1977) മലയാളത്തിലേക്കു വിവർത്തനം ചെയ്തിരുന്നു. ഈ കൃതിക്കു വി. ബാലകൃഷ്ണൻ തയ്യാറാക്കിയ കുട്ടികൾക്കു വേണ്ടിയുള്ള സംഗൃഹീതവിവർത്തനം സാഹിത്യ പ്രവർത്തകസഹകരണസംഘം 1968-ൽ പ്രസിദ്ധീകരിച്ചിരുന്നു.

പഥേർ പാഞ്ചാലിയുടെ തുടർച്ചയായ അപരാജിതൻ വിവർത്തനം ചെയ്തതു വി. വി. ജി. നായരാണ്. പഥേർ പാഞ്ചാലി പോലെ ജനപ്രീതി നേടിയില്ലെങ്കിലും മലയാളസാഹിത്യത്തിൽ അപൂർവശോഭയോടെ ഇന്നും ഒറ്റപ്പെട്ടു നിൽക്കുന്ന

കൃതിയാണ് ആരണ്യക്.[72] കേരളസാഹിത്യ അക്കാഡമിയാണ് 1986-ൽ പി. വാസുദേവക്കുറുപ്പ് തയ്യാറാക്കിയ ഈ വിവർത്തനം പ്രസിദ്ധീകരിച്ചത്. ആദർശ ഹിന്ദു ഹോട്ടൽ, നിശാപത്മം, വൈജയന്തത്തിലെ സുന്ദരിമാർ എന്നിവയാണു മലയാളത്തിലുള്ള മറ്റു വിവർത്തനങ്ങൾ.

മലയാളിക്ക് ഏറ്റവും പരിചയമുള്ള ബംഗാളി നോവലിസ്റ്റ് ബിമൽ മിത്രയാണ്. ജനയുഗം വാരികയിൽ അറുപതുകളിൽ പ്രസിദ്ധീകരിച്ച വിലയ്ക്കു വാങ്ങാം, ഇരുപതാം നൂറ്റാണ്ട്, പ്രഭുക്കളും ഭൃത്യന്മാരും എന്നീ ബൃഹത്നോവലുകൾക്ക് ഏറെ വായനക്കാരുണ്ടായിരുന്നു. ഈ നോവലുകൾ പ്രസിദ്ധീകരിച്ചിരുന്ന സമയത്തു വാരികയുടെ പ്രചാരം കുതിച്ചു കയറി. എം. എൻ. സത്യാർത്ഥിയാണ് ഇവ ബംഗാളിയിൽനിന്നു നേരിട്ടു വിവർത്തനം ചെയ്തത്. വിലയ്ക്കുവാങ്ങാം എന്ന കൃതി ബംഗാളിൽ പുസ്തകരൂപത്തിൽ പുറത്തുവരുന്നതിനു മുൻപുതന്നെ ജനയുഗം വാരികയിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയിരുന്നു. രണ്ടു വർഷവും രണ്ടുമാസവുമെടുത്തു വാരികയിൽ പ്രസിദ്ധീകരണം പൂർത്തിയാവാൻ. ബിമൽമിത്രയുടെ നോവലുകൾക്കു മലയാളത്തിൽ പതിനേഴു വിവർത്തനങ്ങളുണ്ട്. ഇരുപതാം നൂറ്റാണ്ട്, ചലോ കൽക്കത്ത, പ്രഭുക്കളും ഭൃത്യരും, ബീഗം മേരി ബിശ്വാസ്, വിലയ്ക്കു വാങ്ങാം ഇവ സത്യാർത്ഥിയുടെ വിവർത്തനങ്ങളാണ്. ചരിത്രത്തിൽ ഇല്ലാത്തവർ, പഴയതും പുതിയതും, പ്രതി ഹാജരുണ്ട്, ഭൈരവീരാഗം എന്നിവ ഗംഗാളിയിൽനിന്നു നേരിട്ടു തർജമ ചെയ്തതു രവിവർമയാണ്. അഹം, ജനഗണമന, നാലുകണ്ണുകൾ, പകരം വന്ന രാജാവ്, പട്ടമഹിഷി, പ്രഭാതത്തിൽ മറന്നത്, മിഥുനലഗ്നം എന്നിവയാണു മറ്റു വിവർത്തനങ്ങൾ.

ആനുകാലികങ്ങളിൽ, വിശിഷ്യ മാതൃഭൂമി, ജനയുഗം ആഴ്ചപ്പതിപ്പുകളിൽ പ്രസിദ്ധീകരിച്ച ബംഗാളി നോവൽ തർജമകൾ വളരെയധികം ജനപ്രീതി നേടുകയുണ്ടായി. ബിമൽ മിത്രയുടെയും ആശാപൂർണാദേവിയുടെയും നോവലുകൾ അക്കൂട്ടത്തിൽ മുൻപന്തിയിൽ നിൽക്കുന്നു.

ഒരു നൂറ്റാണ്ടിനുള്ളിൽ ഭാരതീയസ്ത്രീജീവിതത്തിനു സംഭവിച്ച

72. ആരണ്യക് വിവർത്തനത്തിന്റെ വിശദപഠനം അധ്യായം അഞ്ചിൽ ചേർത്തിരിക്കുന്നു.

മാറ്റങ്ങൾ അഞ്ചു തലമുറയുടെ കഥയിലൂടെ മൂന്നു കൃതികളിലായി ആശാപൂർണാദേവി ചിത്രീകരിച്ചു. ജ്ഞാനപീഠപുരസ്കാരം നേടിയ(1976) പ്രഥമപ്രതിശ്രുതിയാണ് ഈ നോവൽത്രയത്തിൽ ഒന്നാമത്തേത്. സുവർണലത, ബകുളിന്റെ കഥ എന്നിവ തുടർന്നു വരുന്നു.

മൂന്നു നോവലുകളും ഹിന്ദിയിൽനിന്നു മലയാളത്തിലാക്കിയത് പി. മാധവൻ പിള്ളയാണ്. പ്രഥമപ്രതിശ്രുതി 1985-ലും സുവർണലത 1986-ലും ബകുളിന്റെ കഥ 1989-ലും മലയാളത്തിൽ പ്രസിദ്ധീകരിച്ചു. ഏതു ഭാരതീയഭാഷയിൽനിന്നുള്ള കൃതിയായാലും ഹിന്ദിയിൽനിന്നു വിവർത്തനം ചെയ്യുമ്പോൾ ഭാഷാസമാനതയുണ്ടാകുന്നു. ആദ്യവിവർത്തനത്തിൽ കലരുന്ന ഹിന്ദിയുടെ സംസ്കാരമാവാം ഭാഷാതലത്തിലെ സമാനതയ്ക്കു കാരണം. കാരണമെന്തുതന്നെയായാലും പി. മാധവൻപിള്ള ഹിന്ദിയിൽനിന്നു വിവർത്തനം ചെയ്തിട്ടുള്ള വിവിധ ഭാരതീയഭാഷാനോവലുകൾ ജനപ്രീതി നേടിയിട്ടുണ്ട്.

നൂറ്റിമുപ്പത്തഞ്ചിലേറെ നോവലുകൾ എഴുതിയിട്ടുള്ള ആശാപൂർണാദേവിയുടെ ആറുനോവലുകൾക്കു മാത്രമാണു മലയാളവിവർത്തനങ്ങൾ ഉള്ളത്. അവയിൽ പ്രധാനം പി. മാധവൻപിള്ളയുടെ വിവർത്തനങ്ങൾ തന്നെ. കെ. രാധാകൃഷ്ണന്റെ മൂന്നു വിവർത്തനങ്ങളാണു പിന്നീടുള്ളത്- അണിയറസംഗീതം, പ്രകാശം ഇല്ലാത്തപ്പോൾ, മണൽക്കാട്ടിലെ വൃന്ദാവനം എന്നിവ.

സത്യവതി, സുവർണലത, ബകുൾ എന്നീ മൂന്നു കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ് യഥാക്രമം പ്രഥമപ്രതിശ്രുതി, സുവർണലത, ബകുളിന്റെ കഥ ഇവയുടെ പ്രമേയം ചിട്ടപ്പെടുത്തിരിക്കുന്നത്. അശാസ്ത്രീയവും യുക്തിരഹിതവുമായ നിരവധി ആചാരാനുഷ്ഠാനങ്ങളിൽ കുടുങ്ങിക്കിടന്ന ബംഗാളി സ്ത്രീലോകത്തിന്റെ ഉണർച്ചയുടെ ചിത്രമാണ് ഈ മൂന്നു ബൃഹത്കൃതികളിലൂടെ അനാവൃതമാകുന്നത്. പുതിയ ആകാശവും പുതിയ ഭൂമിയും തേടുന്ന ബംഗാളിലെ സ്ത്രീകളുടെ ആദ്യതലമുറയെയാണ് പ്രഥമപ്രതിശ്രുതിയിലെ നായിക സത്യവതി പ്രതിനിധാനം ചെയ്യുന്നത്. സത്യവതിയുടെ ഏകപുത്രിയാണ് അടുത്ത തലമുറയുടെ പ്രതിനിധിയായ സുവർണലത. സ്ത്രീക

ളുടെമേൽ സമൂഹം അടിച്ചേല്പിച്ച അപമാനങ്ങളും അവഹേളനങ്ങളും വലിച്ചെറിഞ്ഞു സ്വതന്ത്രരാകുവാൻ സുവർണലത മാതൃകയാവുന്നു. ബംഗാളിലെ സാമൂഹികപശ്ചാത്തല മാണു കൃതിക്കുള്ളതെങ്കിലും ഭാരതത്തിലെമ്പാടുമുള്ള സ്ത്രീകളുടെ പോരാട്ടങ്ങളുടെയും പരാജയങ്ങളുടെയും കഥയാവാൻ സുവർണലതയ്ക്കു കഴിയുന്നു. അതുതന്നെയാവാം വിവിധ ഭാരതീയഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഈ മൂന്നു നോവലു കളും ഏറെ വായനക്കാരെ സമ്പാദിച്ചത്.

സുവർണലതയുടെ പോരാട്ടം പിന്നീടേറ്റെടുത്തത് എഴുത്തുകാ രിയായ മകൾ ബകുളായിരുന്നു. ആധുനികയുഗത്തിലെ സാമൂഹികബോധമുള്ള എഴു ത്തുകാരിയാണ് അനാമികാദേവിയെന്ന ബകുൾ. മലയാള ആനുകാലികങ്ങളിൽ പരമ്പ രയായി പ്രസിദ്ധീകരിച്ചവയാണു മൂന്നുനോവലുകളും. ആശാപൂർണാദേവിയുടെ വിപുല ലമായ രചനാലോകത്തിന്റെ വളരെ ചെറിയൊരു ഭാഗം മാത്രമേ മലയാളത്തിലെത്തിയി ട്ടുള്ളൂ.

ബംഗാളിലെ ഒരു കർഷകവിപ്ലവം പ്രമേയമാക്കിയ സാവിത്രിറോ യിയുടെ നെല്ലിന്റെ ഗീതം 1974-ൽ മലയാളത്തിൽ പ്രസിദ്ധീകരിച്ചു. നക്സൽബാരി, ജൽപായ്ഗുരി, ഷില്ലിഗുരി എന്നീ പ്രദേശങ്ങളിലെ കർഷകർ 1940-ൽ നടത്തിയ സമര ത്തിന്റെ കഥയാണിത്. സാവിത്രി റോയിയുടെ മലയാളത്തിലുള്ള നാലു നോവലുകളും ബംഗാളിയിൽനിന്നു നേരിട്ടു എം. എൻ. സത്യാർത്ഥിയാണു പരിഭാഷപ്പെടുത്തിയിരി ക്കുന്നത്. തുരുത്ത്, പത്മാമേഘന, രാഗം എന്നിവയാണു മറ്റുനോവലുകൾ.

സാഹിത്യരംഗത്തെ പ്രവർത്തനങ്ങൾപോലെതന്നെ സാമൂഹിക സേവനരംഗത്തെ പ്രവർത്തനമികവുകൊണ്ടും ഏറെ പ്രശസ്തയായ മഹാശ്വേതാദേവിക്ക് 1996-ൽ ജ്ഞാനപീഠപുരസ്കാരം ലഭിച്ചു. അതിനു മുൻപുതന്നെ മഹാശ്വേതയുടെ നോവ ലുകൾ മലയാളത്തിൽ വന്നിരുന്നു. 1985-ൽ 'ഹജാർ ചൗരാഷിർ മാ ' ലീലാസർക്കാർ 'അമ്മ ' എന്ന പേരിൽ പരിഭാഷപ്പെടുത്തി. പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ട നക്സ ലൈറ്റായിരുന്ന മകനെക്കുറിച്ച് അമ്മ നടത്തുന്ന അന്വേഷണമാണു പ്രമേയം. ചലച്ചിത്ര രൂപത്തിലും നാടകരൂപത്തിലും ഈ കൃതി കീർത്തി നേടി.

മുണ്ടാ കലാപത്തെ ആസ്പദമാക്കിയെഴുതിയ ആരണ്യത്തിന്റെ അധികാരം 1992-ൽ ലീലാ സർക്കാർ തന്നെ വിവർത്തനം ചെയ്തു. വീരസമുണ്ടയാണു നായകൻ. ചൂഷണത്തിനു വിധേയരായി ജീവിക്കുന്ന കാടിന്റെ മക്കളുടെ പോരാട്ടത്തിന്റെ കഥയാണ് ആരണ്യത്തിന്റെ അധികാരം.

ജ്ഞാനപീഠലബ്ധിക്കുശേഷം മഹാശ്വേതയുടെ നോവലുകൾക്കു തുടർച്ചയായി തർജമകൾ വന്നുകൊണ്ടിരിക്കുന്നു. തപന്റെ അമ്മ, രുദാലി, വംശവൃക്ഷം, സത്യം അസത്യം എന്നിവ ലീലാസർക്കാറും ശ്രീശ്രീഗണേശമഹിമ കെ. കൃഷ്ണൻകുട്ടിയും പരിഭാഷപ്പെടുത്തി. നാല്പതിൽപരം നോവലുകളെഴുതിയ മഹാശ്വേതയുടെ ഏഴു നോവലുകളാണ് ഇപ്പോൾ മലയാളത്തിലുള്ളത്.

സാഹിത്യമൂല്യം വലുതായൊന്നും അവകാശപ്പെടാനില്ലെങ്കിലും തസ്ലീമാ നസ്റീന്റെ ലജ്ജ ബംഗ്ലാദേശിൽ നിരോധിക്കപ്പെട്ട കൃതി എന്ന നിലയിൽ വാർത്താമൂല്യം നേടി. 1996-ൽ ടി. എ. അമീറാണു വിവർത്തനം ചെയ്തത്. ഏഴു ദിവസം കൊണ്ടു തസ്ലീമ രചന പൂർത്തിയാക്കിയ ഈ കൃതിയിൽ ബാബറി മസ്ജിദ് തകർക്കപ്പെട്ടതിനു ശേഷം ബംഗ്ലാദേശിലെ ന്യൂനപക്ഷഹിന്ദുക്കൾ നേരിടേണ്ടിവന്ന ദുരന്തങ്ങളാണു പ്രമേയം.

തസ്ലീമാ നസ്റീനു പുറമേ ബംഗ്ലാദേശിലെ ഇന്ദു സാഹ, ഷൗക്കത്ത് ഉസ്മാൻ, ഷഹീദുള്ള കൈസർ, സെലീനാ ഹൊസെൻ എന്നീ എഴുത്തുകാരുടെ ഓരോ കൃതിയും മലയാളത്തിൽ തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. ●